## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2889 — 13.07.2015 ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റ് - പി.എസ്സ്.സി. എന്നിവിടങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി.എഫ്.തോമസ്
ശ്രീ. റ്റി.യു. കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ്, പി..എസ്സ്.സി. എന്നിവിടങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അർഹമായ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കു - മെന്ന് വ്യക്തമാക്കുമോ ; | (എ) | ഇല്ല |
| (ബി) | സെക്രട്ടേറിയറ്റ്, പി.എസ്സ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (ബി) | ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിനു മുന്നോടിയായി ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചി-ട്ടുണ്ട്. ഇതനുസരിച്ചുള്ള ഭേദഗതികൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ വരുത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി പി.എസ്.സി.യുടെ ഉപദേശം ആരായുകയും പി.എസ്.സി. വിയോജിപ്പ് അറിയിച്ചിരിക്കുകയുമാണ്. പി. എസ്. സി. ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല. |
| (സി) | യോഗ്യരായ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിൽ ഉൾപ്പെടെ പ്രൊമോഷൻ നല്കുന്നത് 10% ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ